ലോട്ടറി ടിക്കറ്റുകളിൽ നിന്നുള്ള നികുതി വരുമാനം

36 [215] *ശ്രീ. എ. കെ. മണി:*
,, ജി. കാർത്തികേയൻ:
,, വി. ജെ. പൗലോസ്:
,, കെ. ബാബു:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) ലോട്ടറി നിരോധനത്തിന് മുൻപ് അതിൽ നിന്നുള്ള ശരാശരി പ്രതിമാസ നികുതി വരുമാനം എത്രയായിരുന്നു;

(ബി) ലോട്ടറി പുനരാരംഭിച്ചശേഷം അതിൽ നിന്നുള്ള ശരാശരി പ്രതിമാസ നികുതി വരുമാനം എത്ര;

(സി) അന്യ സംസ്ഥാനങ്ങളുടെ വ്യാജ ലോട്ടറി ടിക്കറ്റുകൾ വിറ്റത് സംബന്ധിച്ച് ലോട്ടറി പുനരാരംഭിച്ചശേഷം എത്ര കേസുകൾ മജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രതിമാസം 57.39 ലക്ഷം രൂപയായിരുന്നു ശരാശരി നികുതി വരുമാനം.

(ബി) ശരാശരി പ്രതിമാസ നികുതി വരുമാനം 222.65 ലക്ഷം രൂപയാണ്.

(സി) വിശദവിവരം ശേഖരിച്ചു വരുന്നു.

ലോട്ടറികളിൽ നിന്നുള്ള വരുമാനം

37 [216] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി നിരോധനം ഏർപ്പെടുത്തുന്നതിന് മുൻപ് ലോട്ടറീസ് വകുപ്പ് ഏതൊക്കെ വിഭാഗത്തിൽ എത്ര ലോട്ടറികളാണ് നടത്തിയിരുന്നതെന്നും അതിലൂടെ എന്ത് തുക മാസവരുമാനം ലഭിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാന സർക്കാർ എത്ര ലോട്ടറികൾ ഏതൊക്കെ വിഭാഗത്തിലാണ് നടത്തുന്നതെന്നും അതിലൂടെ എന്ത് തുക മാസവരുമാനം ലഭിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലോട്ടറി നിരോധനം ഏർപ്പെടുത്തുന്നതിന് മുൻപ് പെരിയാർ, ചൈതന്യ, കൈരളി, സൗഭാഗ്യ എന്നീ വീക്കിലി ലോട്ടറികളാണ് നടത്തിയിരുന്നത്. പ്രതിമാസം ശരാശരി 15.66 കോടി രൂപ വിറ്റുവരവ് ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെരിയാർ, ചൈതന്യ, കൈരളി, സൗഭാഗ്യ എന്നീ നാല് പ്രതിവാര ഭാഗ്യക്കുറികൾ തന്നെയാണ് നടത്തിവരുന്നത്. ലോട്ടറികൾ പുനഃസംവിധാനിച്ചതിന് ശേഷം ആദ്യ നറുക്കെടുപ്പ് 10-5-2005-ൽ ആണ് നടന്നത്. പ്രസ്തുത തീയതി മുതൽ പ്രതിമാസ വരുമാനം (വിറ്റുവരവ്) 18.7 കോടി രൂപയാണ്.

ഭാഗ്യക്കുറി ടിക്കറ്റിന് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

38 [217] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി നിരോധിച്ച കാലയളവിൽ സർക്കാരിന് എത്ര കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ടിക്കറ്റ് വിൽപന ഏജൻസികളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല.

(ബി) 2005-ലെ കേരള പേപ്പർ ലോട്ടറീസ് (റഗുലേഷൻ) റൂൾസ് പ്രകാരം സംസ്ഥാന/കേന്ദ്ര ഗവൺമെന്റുകളുടെ നിയന്ത്രണത്തിന് വിധേയമായി സാധ്യതയുള്ള വ്യക്തികൾക്കോ, പാർട്ട്ണർഷിപ്പുകൾക്കോ, കമ്പനികൾക്കോ ആണ്, ഭാഗ്യക്കുറി ടിക്കറ്റ് വിൽക്കുവാനുള്ള ഏജൻസി, ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർ നൽകുന്നത്. അതിനായി 400 രൂപ ഫീസ് നൽകുകയും, ഫാറം 11-ൽ അപേക്ഷ സമർപ്പിക്കുകയും വേണം. അത്തരത്തിൽ ഏജൻസി ലഭിച്ചവർക്ക് തുടർന്നു വരുന്ന കലണ്ടർ വർഷം അവസാനിക്കുന്നതിനു മുൻപ് 100 രൂപ അടച്ച് ഏജൻസി പുതുക്കാവുന്നതുമാണ്.

കെ. എഫ്. സി.-യിൽനിന്നും ലോൺ കിട്ടുന്നതിനുള്ള മാനദണ്ഡം

39 [218] *ശ്രീ. എ. സുജനപാൽ:*
" *കെ. എ. ചന്ദ്രൻ:*
" *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നെടുത്ത വായ്പ തുക കാലാവധിക്ക് മുൻപ് അടച്ചു തീർക്കുന്നതിനും ഈടുവച്ച് ഭൂമി തിരികെ കിട്ടുന്നതിനും വേണ്ട നടപടിക്രമം വ്യക്തമാക്കാമോ;

(ബി) കെ. എഫ്. സി.യിൽ നിന്നെടുക്കുന്ന വായ്പ കാലാവധിക്കു മുൻപ് അടച്ചു തീർക്കുന്നവർ പ്രീമിയം എന്ന പേരിൽ ഒരു തുക കൂടി അടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതെന്തിനെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly